2019 ഡിസംബർ 14 ന് സൂറിച്ചിലെ Egg ൽ വെച്ച് നടത്തിയ ജനറൽ ബോഡിയുടെ റിപ്പോർട്ട്.

14 .12. 19 അഞ്ചുമണിക്ക് പ്രസിഡണ്ട് ജോഷി പന്നാരാകുന്നേ ലിന്റെ അധ്യക്ഷതയിൽ ജനറൽബോഡി മീറ്റിംഗ് ആരംഭിച്ചു ഏകദേശം 52 പേരോളം പങ്കെടുത്തു ചെയർമാൻ ജോബിൻസൺ കൊറ്റത്തിൽ സ്വാഗതവും പ്രസിഡണ്ട് ജോഷി പന്നാരാകുന്നേൽ 2019 ലെ നാനാവിധത്തിലുള്ള പ്രേവർത്തങ്ങൾ വിശദമായി അവതരിപ്പിച്ചു .പ്രധാന പരിപാടികളുടെ ഒരു വിവരണവും നടത്തി WMC പ്രോഗ്രാമായ കേരളപ്പിറവി വൻ വിജയം ആകുവാൻ സഹകരിച്ച എല്ലാ അംഗങ്ങളോടുമുള്ള സ്നേഹവും നന്ദിയും പ്രസിഡണ്ട് അറിയിച്ചു സെക്രട്ടറി ജോഷി താഴത്തുകുന്നേൽ റിപ്പോർട്ട് അവതരിപ്പിച്ചു .

ഫൈനാൻഷ്യൽ റിപ്പോർട്ട് ട്രഷറർ വിജയ് ഓലിക്കര വിശദമായി അവതരിപ്പിച്ചു. Raiffisan Bankil .8525 chf ഉം മെമ്പർ ship fee 10401chf ഉം സൗത്ത് ഇന്ത്യൻ ബാങ്കിൽ 519.025 രൂപയും ഉണ്ട് എന്ന് tresarar വ്യക്തമാക്കി .

അത്യന്തം വിജയകരമായ കേരള പിറവി ആഘോഷത്തെ പറ്റി ഉള്ള വിലയിരുത്തലുകൾ യോഗം നടത്തി റോസ് മേരിയുടെ കൊറിയ ഗ്രാഫിയിൽ മിനി ബോസിന്റെ നേതൃത്വത്തിൽ നൂറിൽപരം വ്യക്തികളെ അണിനിരത്തി നടത്തിയ ഓപ്പനിംഗ് വിജയമായിരുന്നു എന്നും അതുപോലെ കേരളത്തിൽ നിന്നും വന്ന വിനീത് ശ്രീനിവാസൻ & ടീം നടത്തിയ മ്യൂസിക് ഷോ അതിഗംഭീരം ആയിരുന്നു എന്നും യോഗം അഭിപ്രായപ്പെട്ടു. കേരള പിറവി ദിനാഘോഷങ്ങൾ ഏറ്റവും മികച്ച രീതിയിൽ ഓർഗനൈസ് ചെയ്ത നേതൃത്വത്തെയും ഭാരവാഹികളെയും യോഗം ഒറ്റക്കെട്ടായി അഭിനന്ദിച്ചു. ജിമ്മി കൊരട്ടിക്കാട്ടുതറയിൽ റാഫ്സിലെ അതിമനോഹരം ആയ ഹാൾ വളരെ മിതമായ നിരക്കിൽ എടുത്തു തരുവാൻ സഹായിച്ചു . ജിമ്മി കൊരട്ടികാട്ടുതറയിലിന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ ഭക്ഷണം അതീവ രുചികരവും വനിതാ ഫോറം പ്രസിഡണ്ട് മോളി പറമ്പേട്ടിലിന്റെ നേതൃത്വത്തിൽ വിമൻസ് ഫോറം നടത്തിയ കിയോസ്കും വൻ വിജയമായിരുന്നു എന്ന് യോഗം അഭിപ്രായപ്പെട്ടു.
ഇത്തവണത്തെ സൗണ്ട് സിസ്റ്റം മുൻകാലത്തെ അപേക്ഷിച്ച് കുറ്റമറ്റതായിരുന്നു. അറേഞ്ച് ചെയ്ത സുനിൽ ജോസഫിന് യോഗം അഭിനന്ദനം അറിയിച്ചു. WMC സ്വിസ് പ്രൊവിൻസ് കേരള പിറവി പ്രോഗ്രാം ഇത്രയും മനോഹരമായി പബ്ലിസിറ്റി ചെയ്ത ടോമി തൊണ്ടാകുഴിയെ യോഗം അഭിനന്ദനങ്ങൾ അറിയിച്ചു.
എണ്ണറിൽ പരം ആളുകൾ പങ്കെടുത്ത കേരളപ്പിറവി ഇത്രയും മനോഹരമാക്കാൻ സഹായിച്ച ഓരോ WMC മെമ്പേഴ്സിനും പ്രസിഡണ്ട് നന്ദി അറിയിച്ചു.
WMC സ്വിസ് പ്രൊവിൻസിന്റെ നേതൃത്വത്തിൽ നടത്തുന്ന ഭവന നിർമ്മാണ പദ്ധതി നല്ല രീതിയിൽ പുരോഗമിക്കുന്നു എന്ന് പ്രസിഡണ്ട് അറിയിച്ചു.
ഇടവേളയ്ക്ക് ശേഷം നടക്കാനിരിക്കുന്ന ഭാരവാഹികളെ തിരഞ്ഞെടുക്കുവാനുള്ള ഒരുക്കമായി ജോർജുകുട്ടി നമ്പുശ്ശേരിയെ ഇലക്ഷൻ ഓഫീസറായി യോഗം തിരഞ്ഞെടുത്തു

ഇടവേളക്കുശേഷം ജോർജുകുട്ടി നമ്പുശേരിയുടെ നേതൃത്വത്തിൽ 2020 2021 വർഷത്തേക്കുള്ള ഭാരവാഹികളെഐക്യകണ്ഠേന തിരഞ്ഞെടുത്തു.
ചെയർമാൻ ജോണി ചിറ്റകാട്ടിൽ പ്രസിഡന്റ് സുനിൽ ജോസഫ് സെക്രട്ടറി മിനി ബോസ് ട്രഷറർ ജിജി ആന്റണി.
സംഘടനയെ പുതിയ തലത്തിലേക്കു കൊണ്ടു പോകാൻ പുതുതായി വന്ന cor .committy പ്രതിജ്ഞ എടുത്തു .

2020 -21 ലേക്കുള്ള ക്യാബിനറ്റ് എക്സിക്യൂട്ടീവ് മെമ്പേഴ്സിനെ തെരഞ്ഞെടുക്കുവാൻ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കോർ കമ്മിറ്റി യെ യോഗം ചുമതലപ്പെടുത്തി. പുതിയ ഭാരവാഹികൾക്ക് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് സ്നേഹവിരുന്നിനു ശേഷം യോഗംസന്തോഷകരമായി പര്യവസാനിച്ചു..